പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1242 **30-06-2026-ൽ മറുപടിയ്ക്ക്**

നാല് വർഷ ബിരുദകോഴ്സുകൾ നടപ്പിലാക്കിയതിലെ പോരായ്മകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. റോണി. കെ. ബേബി ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി ആരംഭിച്ച നാല് വർഷ ബിരുദകോഴ്സുകൾ (എഫ്.വൈ.യു.ജി.പി.) നടപ്പിലാക്കിയതിലെ പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

മറുപടി: ഇന്റേൺഷിപ്പുമായി ബന്ധപ്പെട്ട് ബിരുദ വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത കോഴ്സുകൾ നടപ്പിലാക്കിയത് മൂലം വിദ്യാഭ്യാസ മേഖലയുടെ നിലവാരം കുറഞ്ഞതായി വിലയിരുത്തുന്നുണ്ടോ; നിലവിൽ പ്രതിവർഷം ലക്ഷത്തിലധികം വിദ്യാർത്ഥികൾ സി.യു.ഇ.റ്റി. എഴുതി സംസ്ഥാനത്തിന് പുറത്തെ സർവ്വകലാശാലകളിൽ പ്രവേശനം നേടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഒഴിവാക്കുന്നതിന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ;

മറുപടി: വിദ്യാഭ്യാസ നിലവാരത്തെ ബാധിച്ചതായി വിലയിരുത്തിയിട്ടുണ്ട്. സി യു ഇ റ്റി എഴുതി നിരവധി വിദ്യാർത്ഥികൾ കേരളത്തിന് പുറത്തെ സർവകലാശാലകളിൽ പ്രവേശനം നേടുന്നുണ്ട്. വിവിധ കാരണങ്ങളാൽ ആണ് വിദ്യാർത്ഥികൾ കേരളം വിട്ടു പോകുന്നത്. അവരെ ആകർഷിക്കുന്നതിനായി നോളജ് വാലി, ഗ്ലോബൽ വാച്ച് ടവർ തുടങ്ങിയ പദ്ധതികൾക്ക് രൂപം കൊടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു.

(സി) പ്രസ്തുത നാല് വർഷ ബിരുദകോഴ്സുകൾ പുന:പരിശോധിക്കുന്നതിന് പദ്ധതിയുണ്ടോ;

മറുപടി: നാല് വർഷ ബിരുദ കോഴ്സുകളിൽ നിലനിൽക്കുന്ന അപാകതകൾ പരിഹരിച്ച് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളുടെ കീഴിൽ പകുതിയോളം ബിരുദ സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണെന്ന ആക്ഷേപം പരിഹരിക്കുന്നതിന് എന്തെങ്കിലും പുതിയ പദ്ധതികളുണ്ടോ; വിശദമാക്കാമോ?

മറുപടി: സംസ്ഥാനത്തെ വിവിധ സർവകലാശാലകളുടെ കീഴിൽ നിരവധി ബിരുദ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്. വിദ്യാർഥികളെ കേരളത്തിൽ തന്നെ നിലനിർത്തുന്നതിനായി വിവിധ പദ്ധതികൾ സർക്കാർ ആലോചിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ

16-ാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിൽ 30/06/2026 തീയതിയിൽ ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി മറുപടി പറയേണ്ടിയിരുന്ന 1242-ാം നമ്പർ നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യത്തിന് മറുപടി നൽകുന്നതിൽ നേരിട്ട കാലതാമസം സംബന്ധിച്ച സ്റ്റേറ്റ്മെന്റ്

16-ാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിൽ 30/06/2026-ാം തീയതി ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി **"നാല് വർഷ ബിരുദകോഴ്സുകൾ നടപ്പിലാക്കിയതിലെ പോരായ്മകൾ"** എന്ന വിഷയം സംബന്ധിച്ച നക്ഷത്ര ചിഹ്നമിടാത്ത 1242-ാം നമ്പർ നിയമസഭാ ചോദ്യം പരിശോധിച്ച് സമയപരിധിക്കുള്ളിൽ അപ് ലോഡ് ചെയ്തെങ്കിലും ഒരിക്കൽ കൂടി പരിശോധിക്കുമ്പോൾ അപ് ലോഡ് ആകാത്തതായി കണ്ടു. നെറ്റ് വർക്ക് പ്രശ്നം കാരണമാണ് അത്തരത്തിൽ വീഴ്ച സംഭവിക്കാൻ കാരണമായത് . സാങ്കേതിക പ്രശ്നം മൂലം ഉണ്ടായ പിഴവ് കാരണമാണ് നിശ്ചിത സമയ പരിധിക്കുള്ളിൽ അന്തിമ മറുപടി നല്കാൻ സാധിക്കാതിരുന്നത്. ഇക്കാര്യത്തിൽ സംഭവിച്ച കാലതാമസം മനഃപൂർവ്വമല്ലെന്നും ആയത് മാപ്പാക്കണമെന്നും അപേക്ഷിക്കുന്നു. ഇക്കാര്യത്തിൽ ബോധപൂർവ്വമായ കാലതാമസം ഉണ്ടായിട്ടില്ലെന്ന വിവരം കൂടി അറിയിച്ചുകൊള്ളുന്നു.

ഡോ. ആർ. ബിന്ദു
ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി